**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2998** **22.06.2012- ൽ മറുപടിക്ക്**

**അഗ്രികൾച്ചറൽ ഓഫീസർമാരുടെ സേവനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| വിവിധ കാർഷിക വികസന പദ്ധതികളിലും വിജ്ഞാപന വ്യാപന പ്രവർത്തനങ്ങളിലും ഏർപ്പെടുത്തുന്നതിനായി നിയോഗിച്ചിട്ടുള്ള അഗ്രികൾച്ചറൽ ഓഫീസർമാരെ പൂർണ്ണമായും കർഷകർക്ക് ഉപകാരപ്രദമായ സാങ്കേതിക അറിവുകൾ പകരുന്നതിനായി മുഴുവൻ സമയ ഫീൽഡ് ജോലികൾക്കായി നിയോഗിച്ചുകൊണ്ട് കൃഷിഭവനുകൾ കാലോചിതമായി പുന:സംഘടിപ്പിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ? | നിലവിൽ കൃഷിഭവനുകളെ പുന:സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശമൊന്നും പരിഗണനയിലില്ല. എന്നാൽ കൃഷി ഓഫീസർമാരുടെ സേവനം കൂടുതൽ സമയവും ഫീൽഡ് തലത്തിൽ ലഭ്യമാക്കുന്ന തരത്തിലുള്ള വിജ്ഞാന വ്യാപന പരിപാടിയായ "ആത്മ" പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. ഇതിന് പുറമെ മറ്റൊരു വിജ്ഞാന വ്യാപന പരിപാടിയായ "എൽ.ഇ.എ.ഡി.എസ്." കൊല്ലം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ഈ വർഷത്തിൽ (2012-13) വയനാട് ജില്ലയിലേക്ക് വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.<br>ഇതിനു പുറമെ കൃഷി ഓഫീസർമാർക്ക് ഓഫീസ് ജോലി കുറയ്ക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ